# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3931 — 15/03/2017-ൽ മറുപടിക്ക്

## വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. കെ. ബാബു** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (എ) | നിലവിൽ നിർമ്മാണത്തിലിരിക്കുന്ന ഒൻപത് പദ്ധതികളുടെയും (165 മെഗാവാട്ട്) ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന പതിനാറ് ജലവൈദ്യുതി പദ്ധതികളുടെയും 156.5 മെഗാവാട്ട് വിശദവിവരം ചുവടെ ചേർക്കുന്നു. |

**നിർമ്മാണം നടന്നുവരുന്ന പദ്ധതികൾ**

| നം. | പദ്ധതി | സ്ഥാപിത ശേഷി (MW) | ഉല്പാദന ശേഷി (MU) | ജില്ല |
|---|---|---|---|---|
| 1 | പെരുന്തേനരുവി | 6 | 25.77 | പത്തനംതിട്ട |
| 2 | കക്കയം | 3 | 10.39 | കോഴിക്കോട് |
| 3 | ഭൂതത്താൻകെട്ട് | 24 | 83.5 | എറണാകുളം |
| 4 | പൊരിങ്ങൽക്കുത്ത് SHEP | 24 | 45.02 | തൃശ്ശൂർ |
| 5 | ചെങ്കുളം ഓഗ്മെന്റേഷൻ | - | 85 | ഇടുക്കി |
| 6 | അപ്പർ കല്ലാർ | 2 | 5.14 | ഇടുക്കി |
| 7 | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 | 153.9 | ഇടുക്കി |
| 8 | തോട്ടിയാർ | 40 | 99 | ഇടുക്കി |
| 9 | ചാത്തൻകോട്ടുനട-II | 6 | 14.76 | കോഴിക്കോട് |
| | **ആകെ** | 165 | 522.48 | |

(...2)

## പുതിയ ജലവൈദ്യുത പദ്ധതികൾ

| നം. | പദ്ധതി | സ്ഥാപിത ശേഷി (MW) | ഉല്പാദന ശേഷി (MU) | ജില്ല |
|---|---|---|---|---|
| 1 | പെരുവണ്ണാമൂഴി | 6 | 24.7 | കോഴിക്കോട് |
| 2 | പഴശ്ശി സാഗർ | 7.5 | 25.16 | കണ്ണൂർ |
| 3 | വടക്കേപ്പുഴ എക്സ്റ്റൻഷൻ | - | 0.7 | ഇടുക്കി |
| 4 | ചിന്നാർ | 24 | 76.45 | ഇടുക്കി |
| 5 | അപ്പർ ചെങ്കുളം | 24 | 53.22 | ഇടുക്കി |
| 6 | ലാഡ്രം | 3.5 | 12.13 | ഇടുക്കി |
| 7 | ഒലിക്കൽ | 5 | 10.26 | കോഴിക്കോട് |
| 8 | പൂവാരംതോട് | 3 | 5.88 | കോഴിക്കോട് |
| 9 | മാർമ്മല | 7 | 23.02 | കോട്ടയം |
| 10 | ചെമ്പുക്കടവ് - III | 7.5 | 17.715 | കോഴിക്കോട് |
| 11 | മാങ്കുളം | 40 | 82 | ഇടുക്കി |
| 12 | പീച്ചാട് | 3 | 7.74 | ഇടുക്കി |
| 13 | വെസ്റ്റേൺ കല്ലാർ | 5 | 17.41 | ഇടുക്കി |
| 14 | മരിപ്പുഴ | 6 | 14.84 | കോഴിക്കോട് |
| 15 | വാളാംതോട് | 7.5 | 15.291 | കോഴിക്കോട് |
| 16 | ആനക്കയം | 7.5 | 22.83 | തൃശ്ശൂർ |
| | **ആകെ** | **156.5** | **409.346** | |

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ അധീനതയിലുള്ള ഉപയോഗശൂന്യമായ സ്ഥലങ്ങളിലും കെട്ടിടങ്ങളുടെ മേൽക്കൂരകളിലും ഡാമിന്റെ നടപ്പാതയുടെ മുകളിലും

റിസർവോയറുകളിലും സൗരോർജ്ജ പദ്ധതികൾ പൂർത്തിയായതും നിർമ്മാണം നടന്നു വരുന്നതും ദർഘാസ് നടപടികൾ പുരോഗമിക്കുന്നതുമായി നിലവിലുണ്ട്.

കേന്ദ്ര നവീകരണ ഊർജ്ജ മന്ത്രാലയം വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്ന സോളാർ പാർക്ക് പദ്ധതി പ്രകാരം കേരളത്തിൽ കാസർഗോഡ് ജില്ലയിൽ 200 മെഗാവാട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. നടപ്പുവർഷം ഈ പദ്ധതിയിൽ നിന്നും 50 മെഗാവാട്ട് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ശേഷിക്കുന്നതിൽ 50 മെഗാവാട്ട് 2017-18 ലും 100 മെഗാവാട്ട് 2018-19-ലും പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 200 മെഗാവാട്ട് ശേഷിയുള്ള സോളാർ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ ജില്ലാ പഞ്ചായത്തുകളുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തി വരുന്നു.

കേരളത്തിലുടനീളമുള്ള കടൽത്തീരങ്ങളിൽ നിന്നും കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദനം സാധ്യമാക്കുക എന്ന ബൃഹത് പദ്ധതിയുടെ ആരംഭ പദ്ധതിയായി പൂവാർ കടൽത്തീരത്ത് 1 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ചെറുകാറ്റാടികൾ ഉപയോഗിച്ചുകൊണ്ടുള്ള കാറ്റാടി പ്പാടം സ്ഥാപിക്കുന്ന പദ്ധതിയുടെ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്.

കഞ്ചിക്കോട് കാറ്റാടിപ്പാടത്തിൽ ഉത്പാദനം നടത്തി വരുന്ന 225kw ശേഷിയുടെ 9 കാറ്റാടി യന്ത്രങ്ങളിൽ 5 എണ്ണം മാറ്റി പകരം ശേഷി കൂടിയ 5

| | | | |
|---|---|---|---|
| | | | കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ച് (3 x 850 kw + 2 x 600 kw) കാറ്റാടി നിലയത്തിന്റെ ശേഷി 2.625 മെഗാവാട്ട് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയും കൂടാതെ 1 മെഗാവാട്ട് സോളാർ നിലയത്തിനു സമീപത്തായി 2.5 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിയന്ത്രം സ്ഥാപിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. സ്വകാര്യ /മറ്റിതര സ്ഥാപനങ്ങൾ വഴി 3.5 മെഗാവാട്ടോളം കൂട്ടിച്ചേർക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>വാതകാധിഷ്ഠിത താപവൈദ്യുത നിലയങ്ങൾ ആഭ്യന്തര പ്രകൃതി വാതകത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിയ്ക്കപ്പെടുന്നതാണ്.<br>അനെർട്ട് മുഖേന 2016-17 വർഷം 2KW മുതൽ 100KW വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാൻറുകളും 1 KW മുതൽ 5 KW വരെ ശേഷിയുള്ള offgrid പവർ പ്ലാന്റുകളും സ്ഥാപിച്ചു നൽകുന്നതിന് ലക്ഷ്യമിടുന്നു. |

14/3

സെക്ഷൻ ഓഫീസർ